# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 10/2025
# 26.10.2025 ലീഡ് കോളേജ് , ധോണി, പാലക്കാട്

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജനറൽ സെക്രട്ടറി റിപ്പോർട്ട്
4. മറ്റ് ആവശ്യമായ കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. മഞ്ജുള കെ. വി., ഡോ. പ്രിൻസ് പി. ആർ., ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി സി. ടി.,ഡോ. റിജുലാൽ ജി., ഡോ. സുമി ജോയി ഓലിയപ്പുറം, ഡോ. എസ്. സഞ്ജയ്, ഡോ. രജിത സി. ആർ., ഡോ. ഗായത്രിദേവി ജി., ഡോ. ഷാനവാസ് പി. എച്ച്., ഡോ. ശരത്ത് എസ്., ഡോ. വിനീത പി., ഡോ. ജയരാജ് ജെ., ഡോ. അജി പി.എൽ., ഡോ. വിഷ്ണു വി.എസ്., ഡോ. ദിനേശ് പി.കെ., ഡോ. മുഹമ്മദ് ബഷീർ ടി, ഡോ. റഹിം കെ, ഡോ.സുശാന്ത് പി., സജിത്ത് കുമാർ പി., ഡോ.സുകുമാരൻ എം., ഡോ.സുജ ടി.വി, ഡോ. ദീപാ.കെ, അനൂപ് ജെ ആലക്കപ്പള്ളി, ഡോ.രമണി കെ.കെ, ഡോ.എം.എ അസ്കർ ,ഡോ.സി.വി.ഷാജി ഡോ.ചന്ദ്രമോഹൻ കെ.ടി., ഡോ. സുനിൽരാജ് എൻ. വി., ഡോ. ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. ഹരിദാസൻ വി., ഡോ. രാഹുൽ കെ., ഡോ. ഷിബു പി.വി., ഡോ. ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. വിനീഷ് കെ.എ, ഡോ.റോസ്നിക്സ് പി.കെ, രാജു.എം.സി.

രാവിലെ 9 മണിക്ക് ലീഡ് കോളേജ് പാലക്കാട് ചേർന്ന സംസ്ഥാന പ്രവർത്തകസമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ.എൻ മനോജ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. മഞ്ജുള കെ. വി. അനുശോചന പ്രമേയം അവതരിപ്പിച്ചു

**അനുശോചനം**

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് ഗവണ്മെന്റ് കോളേജ് പ്രിൻസിപ്പാൾ എന്നീ നിലകളിലും വിവിധ സർക്കാർ കോളേജുകളിലെ ജിയോളജി വിഭാഗം അധ്യാപകനുമായി പ്രവർത്തിച്ച പ്രൊഫ. വി.ഗോപിനാഥ്, രാഷ്ട്രീയ, സാമൂഹിക മേഖലകളിലെ പ്രമുഖർ, പ്രകൃതി ദുരന്തങ്ങളിലും യുദ്ധക്കെടുതികളിലും ജീവൻ നഷ്ടപ്പെട്ടവർ എന്നിവരുടെ വേർപാടിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളെ,

പ്രിൻസിപ്പൽ നിയമനത്തിന്റെ സെലക്ഷൻ കമ്മറ്റി കഴിഞ്ഞു. എത്രയും വേഗം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രിൻസിപ്പൽ നിയമനം നടക്കുമെന്ന് കരുതുന്നു. പ്ലെയ്സ്മെന്റ് അപേക്ഷകളിൽ മേലുള്ള നടപടികൾ നടന്നുവരുന്നു.

സംഗീത കോളേജ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ നിയമിച്ച സമിതിയുടെ സിറ്റിംഗ് അടുത്ത മാസം 11, 12 തീയതികളിൽ നടക്കും.

മുഴുവൻ റിട്ടയർമെന്റ് ഒഴിവുകളിലും നിലവിലുള്ള പി എസ് സി റാങ്ക് ലിസ്റ്റിൽ നിന്നും എത്രയും വേഗം നിയമനം നടത്തുന്ന കാര്യത്തിൽ സംഘടന ആവശ്യമായ ഇടപെടൽ നടത്തിവരുന്നു. എത്രയും വേഗം അനുകൂല തീരുമാനം ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുസ്ഥലം മാറ്റത്തിന്റെ കരട് വീണ്ടും സംഘടനയുമായി ചർച്ച ചെയ്ത ശേഷം അന്തിമരൂപം നൽകി ഉത്തരവ് ഇറക്കുന്നതിനായി ആവശ്യമായ ഇടപെടൽ നടത്തും.

കണ്ണൂർ സർവകലാശാല ഗവേഷണ വിഷയത്തിൽ സംഘടന നടത്തിയ ഇടപെടലിന്റെ ഭാഗമായി അനുകൂലമായ തീരുമാനം ഉണ്ടായിട്ടുണ്ട്.സംസ്ഥാന പ്രവർത്തക ക്യാമ്പിന്റെ നടത്തിപ്പ് നല്ല രീതിയിൽ ആണെന്നാണ് പ്രാഥമിക വിലയിരുത്തൽ.

എഫ്.എസ്.ഇ.ടി.ഒ മേഖലാ ജാഥകളിൽ നമ്മുടെ നല്ല പങ്കാളിത്തം ഉണ്ടാവണം. മെമ്പർഷിപ്പ്, ബിൽഡിംഗ്/ പ്രക്ഷോഭ ഫണ്ട് എന്നിവ പൂർത്തീകരിക്കണം. യൂണിറ്റ് സന്ദർശനം പ്രവർത്തക ക്യാമ്പിന് മുമ്പായി പൂർത്തീകരിച്ചു. മാനന്തവാടി റൂസ മോഡൽ ഡിഗ്രി കോളേജ്, പറവൂർ കേസരി കോളേജ് എന്നിവിടങ്ങളിലെ ഡി.ഡി.ഒ പദവി സംബന്ധിച്ച ഉത്തരവ് ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ഇറങ്ങി. ഇനി എ.ജി.യിൽ ഇടപെടേണ്ടതുണ്ട്. ഒക്ടോബർ 31-ന്റെ സെക്രട്ടേറിയറ്റ് മാർച്ചിൽ അധ്യാപകരുടെ നല്ല പങ്കാളിത്തം ഉണ്ടാവണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് അജണ്ടകളിന്മേലുള്ള വിശദമായ ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. ഈ വർഷത്തെ മെമ്പർഷിപ്പ് പ്രവർത്തനം എന്നിവ എത്രയും വേഗം പൂർത്തീകരിക്കണം.
2. ഒക്ടോബർ 31ന് സർവ്വീസ് മേഖലയിലെ വിവിധ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തുന്ന സെക്രട്ടേറിയറ്റ് മാർച്ചിൽ ജില്ലകൾക്ക് അനുവദിച്ച രീതിയിലുള്ള പങ്കാളിത്തം ഉറപ്പാക്കണം.ഇതിന്റെ പ്രചരണാർത്ഥം സംസ്ഥാനത്തെ എല്ലാ കോളേജുകളിലും ബോർഡ് വെക്കുകയും മതിയായ പ്രചാരണം ഉറപ്പാക്കുകയും വേണം
3. പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും പുതിയ നിയമനം നടത്താൻ ആവശ്യമായ ഇടപെടൽ നടത്തും.
4. കൊടുവള്ളി കോളേജിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതി നാവശ്യമായ ഇടപെടൽ നടത്തും.
5. ഭാഷാ വിഷയങ്ങളിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി അധിക ബാച്ച് അനുവദിക്കുന്ന കാര്യത്തിൽ ഇടപെടും.
6. ചെറിയ കോളേജുകളുടെ ഭൗതിക സാഹചര്യ വികസനത്തിന് ആവശ്യമായ ഇടപെടൽ നടത്തും

യോഗം രാവിലെ 9.30 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
26-10-2025

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി